**മിഷൻ വാത്സല്യ : കേരളം**

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ**

---

വിഷയം:- വനിത ശിശു വികസന വകുപ്പ് – 2023-24 സാമ്പത്തിക വർഷം - വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഗവ ചിൽഡ്രൻസ് ഹോമുകളിലെ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി നിയോഗിച്ച എഡ്യുക്കേറ്ററുടെ ഹോണറേറിയം തുക രണ്ടാം ഗഡു അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:

1. മിഷൻ വാത്സല്യ ഗൈഡ് ലൈൻ.
2. 11/04/2023-നു കൂടിയ ഐ.സി.പി.എസ് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിലെ മിനിട്ട്സ് തീരുമാനം നമ്പർ 40.04.
3. ഈ കാര്യാലയത്തിൽ നിന്നുള്ള 06/06/2023-ലെ ഇതേ നമ്പർ ഉത്തരവ്.
4. തിരുവനന്തപുരം പൂജപ്പുര ഗവ ചിൽഡ്രൻസ് ഹോം സൂപ്രണ്ടിന്റെ 29/09/2023-ലെ SHT/127/2023 നമ്പർ കത്ത്.
5. പത്തനംതിട്ട ഗവ ചിൽഡ്രൻസ് ഹോം സൂപ്രണ്ടിന്റെ 10/10/2023-ലെ GCH/PTA/Alt/2023 നമ്പർ കത്ത്.
6. ആലപ്പുഴ ഗവ ചിൽഡ്രൻസ് ഹോം (ഗേൾസ്) സൂപ്രണ്ടിന്റെ 12/09/2023-ലെ GCHA/222/2023 നമ്പർ കത്ത്.
7. മലപ്പുറം ഗവ ചിൽഡ്രൻസ് ഹോം സൂപ്രണ്ടിന്റെ 16/09/2023-ലെ GCH-ALT/2023 നമ്പർ കത്ത്.
8. കോട്ടയം ഗവ ചിൽഡ്രൻസ് ഹോം സൂപ്രണ്ടിന്റെ 18/09/2023-ലെ CHK/56/2022 നമ്പർ കത്ത്.
9. കൊല്ലം ഗവ ചിൽഡ്രൻസ് ഹോം സൂപ്രണ്ടിന്റെ 23/09/2023-ലെ CHK/109/2022 നമ്പർ കത്ത്.

**ഉത്തരവ് നം. DWCD/1926/2023-ICPS 2 തീയതി: 08-11-2023**

വനിത ശിശു വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങളിലെ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി എല്ലാ ഗവ ചിൽഡ്രൻസ് ഹോമുകളിലും പ്രതിമാസം 10,000/-രൂപ ഹോണറേറിയം നിരക്കിൽ എഡ്യുക്കേറ്ററെ നിയോഗിക്കുന്നതിന് മിഷൻ വാത്സല്യ ഗൈഡ് ലൈനിൽ പരാമർശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2023-24 സാമ്പത്തിക വർഷം വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഗവ ചിൽഡ്രൻസ് ഹോമുകളിലെ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി നിയോഗിക്കുന്ന എഡ്യൂക്കേറ്റർമാരുടെ ഹോണറേറിയം ഇനത്തിൽ പ്രതിമാസം 10,000/-രൂപ നിരക്കിൽ 16 ഗവ ചിൽഡ്രൻസ് ഹോമുകൾക്ക് ആകെ ആവശ്യമായി വരുന്ന തുകയായ 19,20,000/-രൂപയുടെ പ്രൊപ്പോസൽ ഐ.സി.പി.എസ് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സമർപ്പിക്കുകയും പരാമർശം രണ്ട് പ്രകാരം ആയതിനു അനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ എഡ്യൂക്കേറ്റർമാരുടെ ഹോണറേറിയമായി പ്രതിമാസം 10,000/-രൂപ നിരക്കിൽ ആദ്യ ഗഡു (മൂന്ന് മാസത്തെ തുക) 30,000/-രൂപ പരാമർശം (3) ഉത്തരവ് പ്രകാരം അനുവദിച്ചിരുന്നു.

I/125246/2023

വകുപ്പിൻെ കീഴിൽ പ്രവർത്തിക്കുന്ന ഗവ ജെ.ജെ സ്ഥാപനങ്ങളിലെ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി നിയോഗിച്ച എഡ്യൂക്കേറ്റർമാർക്ക് രണ്ടാം ഗഡു തുക അനുവദിക്കുന്നതിലേക്കായി ചുവടെ ചേർക്കും പ്രകാരം വിശദമായ പ്രൊപ്പോസലുകൾ സ്ഥാപന സൂപ്രണ്ടുമാർ പരാമർശം 4-9 പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. തുക സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു.

| നമ്പർ | സ്ഥാപനത്തിന്റെ പേര് | ഗൈഡ് ലൈൻ പ്രകാരം അനുവദിക്കാവുന്ന തുക (പ്രതിമാസം 10,000/-രൂപ) | അനുവദിച്ച തുക | ആവശ്യപ്പെട്ട തുക | അനുവദിക്കാവുന്ന തുക (മൂന്ന് മാസത്തെ തുക) |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം പൂജപ്പുര ഗവ ചിൽഡ്രൻസ് ഹോം | 1,20,000/-രൂപ | 30,000/-രൂപ | 30,000/-രൂപ | 30,000/-രൂപ |
| 2 | പത്തനംതിട്ട ഗവ ചിൽഡ്രൻസ് ഹോം | 1,20,000/-രൂപ | 30,000/-രൂപ | 24,667/-രൂപ | 24667/-രൂപ |
| 3 | ആലപ്പുഴ ഗവ ചിൽഡ്രൻസ് ഹോം (ഗേൾസ്) | 1,20,000/-രൂപ | 30,000/-രൂപ | 60000/-രൂപ | 30,000/-രൂപ |
| 4 | മലപ്പുറം ഗവ ചിൽഡ്രൻസ് ഹോം | 1,20,000/-രൂപ | 30,000/-രൂപ | 30000/-രൂപ | 30,000/-രൂപ |
| 5 | കോട്ടയം ഗവ ചിൽഡ്രൻസ് ഹോം | 1,20,000/-രൂപ | 30,000/-രൂപ | 60,000/-രൂപ | 30,000/-രൂപ |
| 6 | കൊല്ലം ഗവ ചിൽഡ്രൻസ് ഹോം | 1,20,000/-രൂപ | 30,000/-രൂപ | 60000/-രൂപ | 30000/-രൂപ |
| | ആകെ തുക | | | | 1,74,667/- |

ടി സാഹചര്യത്തിൽ സൂപ്രണ്ടുമാരുടെ അപേക്ഷകൾ പരിഗണിച്ച് മേൽപ്പട്ടിക പ്രകാരമുള്ള ജെ.ജെ സ്ഥാപനങ്ങളിലെ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി നിയോഗിച്ച എഡ്യൂക്കേറ്റർമാരുടെ ഹോണറേറിയമായി പ്രതിമാസം 10,000/-രൂപ നിരക്കിൽ മൂന്ന് മാസത്തെ ഹോണറേറിയം (രണ്ടാം ഗഡു) തുകയായ 1,74,667/-രൂപ (ഒരു ലക്ഷത്തി എഴുപത്തി നാലായിരത്തി അറുനൂറ്റി അറുപത്തി ഏഴ് രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

ടി തുക (1,74,667/-രൂപ) സംയോജിത ശിശു സംരക്ഷണ പദ്ധതി സ്കീം കോഡ് KL 242 വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ പേരിലുള്ള SNA അക്കൗണ്ട് ആയ IDBI Bank-ac 0889104000111737 IFSC : 84ഥ0000889 എന്ന അക്കൗണ്ടിൽ (1.33.1) കമ്പോണന്റിൽ [Child Care Institutions Recurring - Staff Salary] നിന്നും അതാത് ജില്ലകളിലെ ജില്ലാ വനിതാ ശിശു വികസന

I/125246/2023

ഓഫീസരുടെ SNA അക്കൗണ്ടിലേക്ക് അനുവദിക്കേണ്ടതും, ജില്ലാ വനിത ശിശു വികസന ഓഫീസർ ടി തുക ബന്ധപ്പെട്ട സ്ഥാപന സൂപ്രണ്ടുമാരുടെ SNA അക്കൗണ്ടിലേക്ക് അനുവദിക്കേണ്ടതുമാണ്. പ്രസ്തുത തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കേറ്റ്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

നിശ്ചിത ആവശ്യങ്ങളിലേക്കായി അനുവദിക്കുന്ന തുക വക മാറ്റി ചെലവഴിക്കാതിരിക്കുവാൻ സ്ഥാപന സൂപ്രണ്ടുമാർ പ്രതേകം ശ്രദ്ധിക്കേണ്ടതാണ്. പ്രസ്തുത തുക ചെലവഴിച്ചതിനു ശേഷം എഡ്യൂക്കേറ്റർ തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് ഹോണറേറിയം ഇനത്തിൽ തുടർന്നുള്ള മാസങ്ങളിൽ തുക ആവശ്യമായി വരുകയാണെങ്കിൽ ആയത് സംബന്ധിച്ച വിശദമായ പ്രൊപ്പോസൽ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

AFSANA PERWEEN IAS
**വനിത ശിശു വികസന ഡയറക്ടർ&**
**മെമ്പർ സെക്രട്ടറി,(I/C)**
**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി**

ബന്ധപ്പെട്ട ഗവ ചിൽഡ്രൻസ് ഹോം സ്ഥാപന സൂപ്രണ്ടുമാർക്കും

പകർപ്പ് :

1. ബന്ധപ്പെട്ട ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും
2. സൂപ്രണ്ട്, അലോട്ട്മെന്റ് സെക്ഷൻ
3. ICPS-10
4. സ്റ്റോക്ക് ഫയൽ

ഉത്തരവിൻപ്രകാരം

പ്രോഗ്രാം മാനേജർ